## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5152** **04-07-2024 - ൽ മറുപടിയ്ക്ക്**

## റവന്യൂ വകുപ്പിൽ സുതാര്യത ഉറപ്പാക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തഹസിൽദാർ ഒഴിവുകളിലേക്ക് പരിഗണിക്കാൻ വകുപ്പുതല സ്ഥാനക്കയറ്റ സമിതിയുടെ പരിഗണനയ്ക്കായി ഒട്ടവിൽ സമർപ്പിച്ച ഡെപ്യൂട്ടി തഹസിൽദാർമാരുടെ സെലക്ട് ലിസ്റ്റിൽ ഭൂരിഭാഗം പേരും അഴിമതിക്കാരും ക്രിമിനൽ കേസ് പ്രതികളും ആയിരുന്നു എന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരിൽ നിന്നും യോഗ്യതാ ടെസ്റ്റ് വിജയിച്ച്, പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചവരിൽ നിന്നും സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ പ്രകാരമാണ് ജീവനക്കാരെ ഫീൽഡ് ഓഫ് ചോയ്സിലുൾപ്പെടുത്തുന്നത്. പ്രസ്തുത ഫീൽഡ് ഓഫ് ചോയ്സിലുൾപ്പെട്ട ഓരോ ജീവനക്കാരുടെയും കോൺഫിഡൻഷ്യൽ റിപ്പോർട്ട്, അച്ചടക്കനടപടി, വിജിലൻസ്/ ക്രിമിനൽ കേസ് വിവരങ്ങൾ എന്നിവ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) യോഗം പ്രത്യേകം പ്രത്യേകം പരിഗണിച്ച് യോഗ്യത നിർണ്ണയിച്ചശേഷമാണ് തഹസിൽദാർ തസ്തികയിലേയ്ക്കുള്ള സെലക്ട് ലിസ്റ്റിലുൾപ്പെടുത്തുന്നത്. വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) യോഗ തീരുമാനപ്രകാരം യോഗ്യരായ ജീവനക്കാരെ മാത്രം ഉൾപ്പെടുത്തിയാണ് സെലക്ട് ലിസ്റ്റ് വിജ്ഞാപനം ചെയ്യുന്നത്. അസാധാരണ ഗസറ്റ് വിജ്ഞാപനം, 550 തീയതി 14/02/2024, 1886 തീയതി 13/06/2024 എന്നിവ പ്രകാരം ഒട്ടവിൽ പ്രസിദ്ധീകരിച്ച 2024 ലെ സെലക്ട് ലിസ്റ്റിൽ നിന്നും സീനിയോരിറ്റി ലിസ്റ്റിലുള്ളതും ഗുരുതരമായ കുറ്റകൃത്യങ്ങളിൽ അച്ചടക്കനടപടി, വിജിലൻസ്/ക്രിമിനൽ കേസ് എന്നിവ നേരിടുന്ന പത്ത് ജീവനക്കാരെ ഒഴിവാക്കിയിട്ടുണ്ട്.<br><br>ആയതിനാൽ ഒട്ടവിലത്തെ ഡെപ്യൂട്ടി തഹസിൽദാർമാരുടെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരിഭാഗം പേരും അഴിമതിക്കാരും ക്രിമിനൽ കേസ് പ്രതികളും ആണെന്നുള്ള ആക്ഷേപം അടിസ്ഥാനരഹിതമാണ്. |
| (ബി) | ഇതിന്റെ പശ്ചാത്തലത്തിൽ വകുപ്പിൽ സുതാര്യത ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടി | (ബി) | റവന്യൂ വകുപ്പിൽ സ്ഥാനക്കയറ്റം നൽകുന്നതിലേയ്ക്കായി വകുപ്പുതല സ്ഥാനക്കയറ്റ |

| | | | |
|---|---|---|---|
| | സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | | സമിതി കൂടി തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റിൽ യോഗ്യരായ ജീവനക്കാരെ മാത്രമാണ് ഉൾപ്പെടുത്തുന്നത്. ചട്ടപ്രകാരം തീർത്തും സുതാര്യമായിട്ടാണ് ഇത്തരത്തിലുള്ള സെലക്ട് ലിസ്റ്റുകൾ തയ്യാറാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ